**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 13, ചൊവ്വ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| |
|---|
| **മറുപടി നൽകുന്ന മന്ത്രിമാർ** |
| **ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി** |
| **വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി** |
| **വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി** |
| **സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി** |

**ഇൻവെസ്റ്റ് കേരളം പദ്ധതി**

***31** **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന ഇൻവെസ്റ്റ് കേരളം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(സി)** ഇൻവെസ്റ്റ് കേരളം സംരംഭങ്ങൾ വഴി സംസ്ഥാനത്ത് ആകെ എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്താമോ;

**(ഡി)** നിക്ഷേപകർക്ക് അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി സിംഗിൾ വിൻഡോ സംവിധാനത്തിലും മറ്റ് നടപടിക്രമങ്ങളിലും

വരുത്തിയിട്ടുള്ള പ്രധാന ഇളവുകളും പരിഷ്കാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**ചെറുകിട യൂണിറ്റുകളുടെ അടച്ചുപൂട്ടൽ**

***32 ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. പി. പി. സുമോദ്**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അതിർത്തി കടന്നുള്ള ക്രഷർ മെറ്റീരിയലുകളുടെ വരവ് നിലച്ചത് സംസ്ഥാനത്തെ സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണ മേഖലയുടെ സപ്ലൈ ചെയിനിനെയും ഉൽപ്പാദനക്ഷമതയെയും എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**(ബി)** അസംസ്കൃത വസ്തുക്കളുടെ ക്ഷാമംമൂലം തിരുവനന്തപുരം ജില്ലയിൽ മാത്രം 150-ഓളം ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയുടെ പുനരുജ്ജീവനത്തിനുവേണ്ടി എന്തൊക്കെ നയപരമായ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്;

**(സി)** വ്യവസായങ്ങൾ അടച്ചുപൂട്ടിയതുവഴി തൊഴിൽരഹിതരായ ആയിരക്കണക്കിന് തൊഴിലാളികൾക്കും ബാങ്ക് വായ്പാ ബാധ്യതകൾ നേരിടുന്ന സംരംഭകർക്കും ആശ്വാസം നൽകുന്നതിനായി എന്തെല്ലാം സാമ്പത്തിക പാക്കേജുകളാണ് വിഭാവനം ചെയ്യുന്നത്;

**(ഡി)** തമിഴ്നാട് സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ മൂലം ഉണ്ടായിട്ടുള്ള ചരക്കുനീക്കങ്ങളിലെ ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി അന്തർസംസ്ഥാന തലത്തിൽ ഏകോപനം മെച്ചപ്പെടുത്താൻ എന്തെല്ലാം നയതന്ത്ര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റം**

***33 ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അച്ചടക്കനടപടി നേരിട്ട എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ നിർണായക തസ്തികകളിൽ നിയമിച്ചുകൊണ്ടുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ റദ്ദാക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

**(ബി)** ഓൺലൈൻ അപേക്ഷകളും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും ലംഘിച്ച് വനിതാ ഉദ്യോഗസ്ഥരെയടക്കം അകാരണമായി സ്ഥലംമാറ്റുന്നതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**(സി)** വകുപ്പ് തലവന്റെ ഉത്തരവുകൾ ലംഘിച്ച് ക്രമവിരുദ്ധമായി സ്ഥലം മാറ്റം നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>കെ.എസ്.ഇ.ബി.-യുടെ സമഗ്ര വികസനം</u>

***34** **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**(ബി)** അടുത്ത പത്തു വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുൻകുട്ടിക്കണ്ട് സമഗ്രമായ വികസന പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ ശൃംഖലയിലെ പഴക്കമേറിയ ട്രാൻസ്ഫോർമറുകളും ലൈനുകളും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>ബാറുകളുടെ നിയമലംഘനം</u>

*35 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളുടെ നിയമ ലംഘനങ്ങൾക്കും വഴിവിട്ട ഇടപാടുകൾക്കും എക്സൈസ് വകുപ്പിലെ ജീവനക്കാർ കൂട്ടുനിൽക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ബാറുകൾ നിർദ്ദിഷ്ട സമയത്തിന് മുൻപേ തുറക്കാനും രാത്രി വൈകി പ്രവർത്തിക്കാനും ചില ഉദ്യോഗസ്ഥർ അനുവാദം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി</u>

*36 **ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സഹകരണ സ്ഥാപനങ്ങളിലും ക്രമക്കേടുകൾ തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്താൻ പ്രത്യേക നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**പരിസ്ഥിതിലോല മേഖല സംബന്ധിച്ച കേന്ദ്ര കരട് വിജ്ഞാപനം**</u>

***37** **ശ്രീ. പി. പി. സുമോദ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ടി. എം. ശശി**
**ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല സംബന്ധിച്ച ഏഴാമത് കേന്ദ്ര കരട് വിജ്ഞാപനത്തിൽ ജനവാസ മേഖലകളും കൃഷി ഭൂമിയും ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൂർണ്ണമായി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തിന്റെ നിലപാട് സമയബന്ധിതമായി അറിയിക്കുന്നതിൽ കാലതാമസം നേരിട്ടതായുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ അയൽ സംസ്ഥാനങ്ങൾ പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് പ്രമേയം പാസ്സാക്കുകയും വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തപ്പോൾ കേരളം നിസ്സംഗത തുടർന്നതായുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ എന്തെല്ലാം സമ്മർദ്ദങ്ങളാണ് ചെലുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മലയോരമേഖലകളിൽ ഉയർന്നു വന്നിട്ടുള്ള ജനകീയ പ്രതിഷേധങ്ങളും ആശങ്കകളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സംസ്ഥാന ബഹിരാകാശ വ്യവസായ നയം 2026

*38 **ശ്രീ. സിറിയക് തോമസ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഹിരാകാശ വ്യവസായ നയം 2026 ന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക വളർച്ചക്ക് ഊർജ്ജം പകരുകയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന വ്യോമയാന-ബഹിരാകാശ മേഖലകളിലുള്ള സംരംഭങ്ങളാണോ നയത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത നയം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നയത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സംരംഭങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## ഓപ്പറേഷൻ ത്തൂഫാൻ

*39 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ത്തൂഫാൻ ദൗത്യത്തിന്റെ ഭാഗമായി മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ദൗത്യത്തിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പി.മാർ കേരളത്തിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കൂടിക്കാഴ്ചയിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിൽക്കുന്ന ലഹരിവസ്തുക്കളിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അത് തടയാൻ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>**സരൾ കേരളം പദ്ധതി**</u>

***40** **ശ്രീ. പഴകുളം മധു**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങളും ബിസിനസ് സംരംഭങ്ങളും ആകർഷിക്കാൻ ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന സരൾ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ എന്ന നയത്തിലൂന്നി ആവശ്യമായ ലൈസൻസുകളും അനുമതികളും അതിവേഗം ഏകജാലകത്തിലൂടെ ലഭ്യമാക്കുകയാണോ പദ്ധതിയുടെ ലക്ഷ്യം എന്ന് വ്യക്തമാക്കുമോ;

(സി) വർഷങ്ങളായി അനുമതി ലഭിക്കാത്ത നിക്ഷേപങ്ങൾക്ക് പദ്ധതി വലിയ ആശ്വാസമാകുമോയെന്നും സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്ക് പുതിയ വാതിൽ തുറക്കാൻ പ്രസ്തുത പദ്ധതി ഉപകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**</u>

***41** **പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രചാരണത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ; ഇത്തരം പ്രചാരണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**(ബി)** 2025- 26 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ; 2025 വരെയുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

**(സി)** പൊതുമേഖലാ വ്യവസായങ്ങളുടെ പ്രവർത്തന സ്വയംഭരണത്തിനായി പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കൽ, ബി.പി.ടി. രൂപീകരണം, പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് എന്നിവയിലൂടെ കൊണ്ടുവന്ന ഭരണപരമായ സുതാര്യത നിലവിലെ സർക്കാർ തുടരുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

**(ഡി)** കെൽട്രോൺ, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളുടെ തലപ്പത്ത് സാങ്കേതിക വിദഗ്ധരെ നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തിയും ആരംഭിച്ച പ്രൊഫഷണൽവൽക്കരണ പ്രക്രിയയിൽ നിന്ന് പിന്മാറി ഭരണസമിതികളിൽ രാഷ്ട്രീയ ഇടപെടലുകൾ നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**(ഇ)** മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പാക്കിയ ഏതെങ്കിലും പദ്ധതികൾക്ക് ദേശീയ -അന്തർദേശീയതല ശ്രദ്ധയും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>**വൈദ്യുതി പ്രസരണ നഷ്ടം**</u>

***42** **ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. നടപ്പിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള വൈദ്യുതി പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി പ്രസരണനഷ്ടം ഇനിയും കുറയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം വിധത്തിലാണ് പ്രസരണനഷ്ടം ഉണ്ടാകുന്നതെന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>അഴിമതി തടയാൻ നടപടികൾ</u>**

*43 **ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനത്തിലെ അഴിമതി തടയാൻ ലക്ഷ്യമിട്ട് ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) അഴിമതി നിർമാർജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിജിലൻസ് മാനുവലിൽ ഈ സർക്കാർ വരുത്തിയിട്ടുള്ള പ്രധാന മാറ്റങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) കൈക്കൂലി പണമായി സ്വീകരിക്കുന്നതിനുപകരം ഡിജിറ്റൽ,ബിനാമി രീതികൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ഡി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവരുടെ ഡിജിറ്റൽ, സൈബർ പ്രവർത്തനങ്ങൾ ഉൾപ്പെടെ നിരീക്ഷിച്ച് അഴിമതി

തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ഇ)** കൈക്കൂലി വാങ്ങി ക്രമരഹിതമായ തീരുമാനങ്ങൾ എടുക്കുന്നതിന് സമാനമായി കൈക്കൂലി ലഭിക്കാത്തതുമൂലം ജനങ്ങൾക്ക് അർഹമായ സേവനങ്ങൾ നിഷേധിക്കുകയോ താമസിപ്പിക്കുകയോ ചെയ്യുന്നതും അഴിമതിയായി കണക്കാക്കി നടപടികൾ സ്വീകരിക്കുമോ?

## <u>നമ്മുടെ കേരളം 2.0 പദ്ധതി</u>

***44** **ശ്രീ. ദീപക് ജോയ്**

**ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന അഞ്ച് പൗര കേന്ദ്രീകൃത ഡിജിറ്റൽ സംരംഭങ്ങളെക്കുറിച്ച് വിശദമാക്കുമോ;

**(ബി)** വിവിധ സർക്കാർ സേവനങ്ങൾ ഒരിടത്തേക്ക് കൊണ്ടുവരുന്നതിന് വിഭാവനം ചെയ്യുന്ന നമ്മുടെ കേരളം 2.0 പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

**(സി)** ഭരണ രംഗത്തെ വിവിധ പ്രശ്നങ്ങൾക്ക് എ.ഐ. അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനമാണോ കെ-എ.ഐ.; വ്യക്തമാക്കാമോ?

## <u>ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം</u>

***45** **ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഓപ്പറേഷൻ തൂഫാൻ വിജയകരമായി നടപ്പാക്കിയതിന്റെ ഭാഗമായി ഇതിന്റെ രണ്ടാം ഘട്ട പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ

തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(സി)** ഓപ്പറേഷൻ ഡി-ഹണ്ട് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും അക്രമ സംഭവങ്ങളും കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി പ്രതിസന്ധി</u>

***46** **ശ്രീ. എം. എം. നസീർ**

**ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തുണ്ടായ വൈദ്യുതി പ്രതിസന്ധിയുടെ യഥാർത്ഥ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒപ്പുവെച്ച, കുറഞ്ഞവിലയ്ക്ക് ദീർഘകാലം വൈദ്യുതി ലഭ്യമാക്കുന്ന കരാർ മുൻ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതാണോ പെട്ടെന്നുള്ള വൈദ്യുതി പ്രതിസന്ധിക്ക് കാരണമെന്ന് വ്യക്തമാക്കാമോ;

**(സി)** കാലാവസ്ഥാ വ്യതിയാനവും എൽനിനോ പ്രതിഭാസവും മുൻകൂട്ടി കണ്ടുകൊണ്ടും കൂടി വരുന്ന ഉപഭോഗം കണക്കിലെടുത്തും ദീർഘകാല പദ്ധതികളും കരാറുകളും നടപ്പിൽ വരുത്തുന്നതിൽ മുൻ സർക്കാരിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>പോലീസ് സ്റ്റേഷനുകളുടെ നവീകരണം</u>

***47** **ശ്രീ. റോണി. കെ. ബേബി**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുള്ള സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളെ കാലാനുസൃതമായി ആധുനികീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എല്ലാ സ്റ്റേഷനുകളെയും നവീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** പോലീസ് സ്റ്റേഷനുകളുടെ സ്വഭാവവും ജോലിഭാരവും അനുസരിച്ച് മതിയായ പോലീസ് ഉദ്യോഗസ്ഥർ നിലവിലുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; കൂടുതൽ ഉദ്യോഗസ്ഥർ വേണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പോൽ-ആപ്പ് പോലെയുള്ള സംവിധാനങ്ങളിലൂടെ ജനങ്ങൾക്ക് പോലീസ് സേവനം കൂടുതൽ എളുപ്പത്തിൽ പ്രാപ്യമാക്കാൻ പ്രത്യേക പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ</u>**

***48 ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

**(ബി)** മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള തട്ടിപ്പ് സംഘങ്ങളിൽ നിന്നും സ്ത്രീകളെയും പ്രായമായവരെയും രക്ഷിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

**(സി)** ഇത്തരം തട്ടിപ്പുകളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; തട്ടിപ്പിന് ഇരയായവർക്ക് തുക തിരികെ

ലഭിക്കാനും മറ്റ് നിയമസഹായം ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഓപ്പറേഷൻ ഡി-ഹണ്ട് 2026**

***49** **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനോടൊപ്പം വിതരണക്കാരെയും പ്രധാന വിതരണ ശൃംഖലകളെയും ഉറവിടങ്ങളെയും കണ്ടെത്തുന്നതിനായി പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** സ്കൂൾ, കോളേജ്, ഹോസ്റ്റൽ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധനയും നിരീക്ഷണവും എത്രത്തോളം ശക്തമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

**(സി)** മയക്കുമരുന്ന് കേസുകളിൽ ആവർത്തിച്ച് പ്രതികളാകുന്നവർ, വൻതോതിൽ ലഹരി വിതരണം നടത്തുന്ന സംഘങ്ങൾ എന്നിവരെ തിരിച്ചറിഞ്ഞ് അവർക്കെതിരെ സ്വത്ത് കണ്ടുകെട്ടൽ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ഡി)** ലഹരിക്ക് അടിമപ്പെട്ട വ്യക്തികളെ കണ്ടെത്തി അവർക്ക് ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(ഇ)** പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഫലപ്രാപ്തി വിലയിരുത്താനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള അളവുകോലുകൾ എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി രണ്ടാം ഘട്ടത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

**(എഫ്)** ഓപ്പറേഷൻ ഡി-ഹണ്ട് നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് ലഹരി വിതരണ ശൃംഖല പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**പുരപ്പുറ സോളാർ സംവിധാനത്തിനുള്ള നെറ്റ് മീറ്റർ**

***50 ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ സംവിധാനം ഏർപ്പെടുത്തിയവർക്ക് നെറ്റ് മീറ്റർ ലഭ്യമല്ലാത്ത സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നെറ്റ് മീറ്ററുകൾ ആവശ്യാനുസരണം വിതരണം ചെയ്യാൻ കഴിയാത്തതിനാൽ പുറത്തുനിന്നും വാങ്ങണമെന്ന് നിർദേശിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) പുരപ്പുറ സോളാർ സംവിധാനം ഏർപ്പെടുത്തിയ എല്ലാവർക്കും എന്നത്തേക്ക് നെറ്റ് മീറ്റർ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

**പരിസ്ഥിതിലോല മേഖല സംബന്ധിച്ച കരട് വിജ്ഞാപനം**

***51 ശ്രീ. പി. കെ. പ്രവീൺ**
**ശ്രീ. വി. ജോയി**
**ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല സംബന്ധിച്ച കരട് വിജ്ഞാപനം പുറത്തിറങ്ങി മാസങ്ങൾ പിന്നിട്ടിട്ടും ബന്ധപ്പെട്ട മന്ത്രിമാരുടെ ഡൽഹി സന്ദർശന വേളകളിൽ പ്രധാനമന്ത്രി, കേന്ദ്ര പരിസ്ഥിതി മന്ത്രി എന്നിവരോട് സംസ്ഥാനത്തിന്റെ പൊതു ആവശ്യം ഉന്നയിക്കാൻ തയ്യാറായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷകർ സമരരംഗത്തിറങ്ങുകയും വിമർശനങ്ങൾ ശക്തമാകുകയും ചെയ്ത ഘട്ടത്തിൽ മാത്രമാണ് ഉദ്യോഗസ്ഥതല യോഗം വിളിച്ചുചേർത്തതെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻകാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തി സമർപ്പിച്ച ശിപാർശകൾ കേന്ദ്രം അവഗണിച്ചതിനെതിരെ നിയമപരവും ഭരണപരവുമായ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പശ്ചിമഘട്ട മേഖലയിൽ കടുത്ത നിയന്ത്രണങ്ങൾ നിർദ്ദേശിച്ച മുൻകാല സമിതി റിപ്പോർട്ടുകളോട് ഭരണനേതൃത്വത്തിലുള്ളവർക്കുള്ള അനുകൂല നിലപാടാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിസ്സംഗതയ്ക്ക് കാരണമെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഉയർന്നു വന്നിട്ടുള്ള ജനകീയ പ്രതിഷേധങ്ങളും ആശങ്കകളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## <u>ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ</u>

***52 ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. എം. വിജിൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദ് ചെയ്യപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാർ എന്തടിസ്ഥാനത്തിലാണ് റദ്ദ് ചെയ്യപ്പെട്ടത്; റദ്ദ് ചെയ്യപ്പെടുന്നതിന് അനുകൂലമായി ഏതെങ്കിലും റിപ്പോർട്ടുകൾ സർക്കാരോ കെ.എസ്.ഇ.ബി.യോ മറ്റു ഏതെങ്കിലും ഏജൻസിയോ റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കരാർ റദ്ദ് ചെയ്തതിനെതിരെ മുൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; വിശദീകരിക്കാമോ;

(ഡി) പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത കരാർ റദ്ദ് ചെയ്തതിനെതിരെ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>**സി.എം.ആർ.എൽ.-എക്സാലോജിക് കേസ്**</u>

*53 **ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ആർ.എൽ.-എക്സാലോജിക് പണമിടപാട് കേസ്സിൽ മുൻ മുഖ്യമന്ത്രി ഉൾപ്പെടെ 12 പേർക്കെതിരെ അഴിമതി നിരോധന നിയമ പ്രകാരം കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ് (ഇ.ഡി.) കൊച്ചി മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തിൽ മുൻ മുഖ്യമന്ത്രി കൈക്കൂലി വാങ്ങിയതായി അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; വിശദമാക്കാമോ;

(സി) ഇ.ഡി. യുടെ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**ചെറുകിട വ്യവസായികൾക്കും സംരംഭകർക്കുമുള്ള ധനസഹായം**</u>

*54 **ശ്രീ. പി .എം. എ. സമീർ**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ചെറുകിട വ്യവസായികൾക്കും സംരംഭകർക്കും ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

**<u>പരിസ്ഥിതി ലോല വിജ്ഞാപനത്തിന്മേലുള്ള നിർദേശങ്ങൾ</u>**

***55** **ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് നിലവിലുള്ള ശക്തമായ പരിസ്ഥിതി നിയമങ്ങൾക്ക് പുറമേ ജനവാസ മേഖലകളിൽ ഇ.എസ്.എ. നിയന്ത്രണങ്ങൾ വരുന്നത് ജനജീവിതത്തെയും കാർഷിക മേഖലയെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് ഇ.എസ്.എ. വിജ്ഞാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ആശങ്കകളും നിർദേശങ്ങളും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**(സി)** സംസ്ഥാനത്തെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്; ഇത് എത്ര ചതുരശ്ര കിലോമീറ്ററായി കുറയ്ക്കണമെന്നാണ് സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

**(ഡി)** സംസ്ഥാനത്തെ ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവ പരിസ്ഥിതിലോല പ്രദേശങ്ങളിൽനിന്ന് ഒഴിവാക്കണമെന്നത് പ്രസ്തുത നിർദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വൈദ്യുതി പ്രതിസന്ധി</u>**

***56** **ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. ടി. എം. ശശി**

**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പവർകട്ട് വീണ്ടും ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉണ്ടാകാനിടയായ കാരണങ്ങൾ വ്യക്തമാക്കുമോ;

**(ബി)** നിശ്ചിത തീയതിക്കുള്ളിൽ വൈദ്യുതി പ്രശ്നം പരിഹരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടും പവർകട്ട് തുടരുന്നതിനാൽ, പ്രതിസന്ധി പരിഹരിക്കുന്നതിൽ ഭരണപരമായ വീഴ്ച ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലും ദീർഘകാല കരാറുകളിലൂടെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിലും സർക്കാരിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ;

**(ഡി)** ജനജീവിതത്തെയും വ്യവസായ-വാണിജ്യ മേഖലകളെയും സാരമായി ബാധിക്കുന്ന വൈദ്യുതി നിയന്ത്രണം പൂർണമായി ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>സോളാർ പ്ലാന്റ് സ്ഥാപിച്ചവർക്കുള്ള നെറ്റ് മീറ്റർ</u>**

***57** **ശ്രീ. പി. കെ. ഫിറോസ്**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സോളാർ പ്ലാന്റ് സ്ഥാപിച്ച് മാസങ്ങളായി കാത്തിരിക്കുന്നവർക്ക് നെറ്റ് മീറ്റർ ലഭ്യമല്ലാത്തതിനാൽ പ്ലാന്റിനെ ഗ്രിഡുമായി ബന്ധിപ്പിക്കുവാൻ കഴിയുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** നെറ്റ് മീറ്റർ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നെറ്റ് മീറ്റർ എന്നത്തേക്ക് പൂർണ്ണമായും സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി നിയന്ത്രണം

***58 ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുന്നത് ജീവൽപ്രധാനമായ വിഷയമായി മാറിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി വൈദ്യുതി മേഖലയിലെ വലിയ പ്രതിസന്ധികൾ ഒഴിവാക്കിയ സംസ്ഥാനമാണ് കേരളമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** 2017-ലും 2023-ലും ദേശീയതലത്തിൽ വൈദ്യുതി ലഭ്യതയുമായി ബന്ധപ്പെട്ട ഗുരുതര പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ; കൽക്കരി ക്ഷാമം, മഴക്കുറവ്, ജലവൈദ്യുതോൽപ്പാദനത്തിലെ കുറവ്, ചൂട് വർധിച്ചതിനെത്തുടർന്നുള്ള വൈദ്യുതി ഉപയോഗത്തിലെ കുതിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ അന്നും ഉണ്ടായിരുന്നെങ്കിലും കേരളം വൈദ്യുതി നിയന്ത്രണങ്ങളിലേക്ക് തള്ളിവിടപ്പെട്ടില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ധവളപത്രത്തിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര നയങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

**(ഇ)** കൂടുതൽ വൈദ്യുതി വാങ്ങാനുള്ള ടെൻഡറുകൾ സ്റ്റാൻഡിങ് കമ്മിറ്റിയും ഉന്നത ഉദ്യോഗസ്ഥരുടെ കോർ കമ്മിറ്റിയും അംഗീകരിച്ചിരുന്നുവെങ്കിലും അനുമതിക്കായി കമ്മിഷന് അപേക്ഷ നൽകിയത് 14 ദിവസം കഴിഞ്ഞാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വൈദ്യുതിനിയന്ത്രണം നിലനിൽക്കേ ഇത്രയും വൈകിയത് അംഗീകരിക്കാനാവില്ലെന്ന്

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>**വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി**</u>

*59 **ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉൾപ്പെടുത്തി സമഗ്രമായ വൈദ്യുതി നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**(ബി)** ഒരു യൂണിറ്റിന് 4.29 രൂപ നിരക്കിൽ ലഭ്യമാകേണ്ടിയിരുന്ന 25 വർഷത്തെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയത് വൈദ്യുതി ക്ഷാമത്തിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 2,500 മെഗാവാട്ട് സൗരോർജം സംഭരിച്ചുവയ്ക്കുന്നതിന് മതിയായ സംവിധാനങ്ങളില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>**വിജിലൻസ് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി**</u>

*60 **ശ്രീ. ടി .ഒ. മോഹനൻ**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിജിലൻസ് പ്രവർത്തനങ്ങളിലും സേവനങ്ങളിലും സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ സ്വന്തമായി വികസിപ്പിച്ച സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം വി.എ.സി.ബി. സ്യൂട്ട് 3.0 യെ കുറിച്ച് വിശദമാക്കുമോ;

**(സി)** ഡാറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഈ ഡിജിറ്റൽ സംവിധാനത്തിലൂടെ സാധ്യമാകുമോ; വ്യക്തമാക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 04, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].